MALAYALA MANORAMA - 10-10-2025

# ഡോ.ടോംസ് സി. ജോസഫ് അന്റാർട്ടിക്ക പര്യവേക്ഷണ സംഘത്തിൽ

കൊച്ചി • സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലെ ( സിഫ്റ്റ് ) പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ടോംസ് സി. ജോസഫിനെ ഇന്ത്യയുടെ അന്റാർട്ടിക്ക ശാസ്ത്ര പര്യവേക്ഷണ സംഘത്തിലേക്കു തിരഞ്ഞെടുത്തു.



ഭൗമ ശാസ്ത്ര മന്ത്രാലയത്തിന്റെ നാഷനൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച് ആണു പര്യവേക്ഷണം സംഘടിപ്പിക്കുന്നത്. ഏറ്റവും ദുർബലമായ അന്റാർട്ടിക് ആവാസ വ്യവസ്ഥയിൽ മൈക്രോ പ്ലാസ്റ്റിക്കുകൾ എങ്ങനെ രോഗകാരികളുടെയും ആന്റി മൈക്രോബിയൽ പ്രതിരോധ ജീനുകളുടെയും വാഹകരാകും എന്നതിനെക്കുറിച്ചാണു ടോംസ് സി. ജോസഫ് ഗവേഷണം നടത്തുന്നത്.